STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.347/PR/SPMC/PHQ/2026 Date:08.08.2026

# പത്രക്കുറിപ്പ്

## മ്യൂൾ അക്കൗണ്ട് (Mule Account) ഉടമകളാകാതെ ശ്രദ്ധിക്കുക: സുരക്ഷാ നിർദ്ദേശങ്ങളുമായി കേരള പോലീസ്

സൈബർ കുറ്റവാളികൾ തട്ടിപ്പിലൂടെ കൈക്കലാക്കുന്ന പണം സുരക്ഷിതമായി മാറ്റിയെടുക്കാൻ വ്യക്തികളുടെ അറിവോടുകൂടിയോ അല്ലാതെയോ ഉപയോഗിക്കുന്ന വാടക ബാങ്ക് അക്കൗണ്ടുകളാണ് മ്യൂൾ അക്കൗണ്ടുകൾ. പലപ്പോഴും ഇത്തരത്തിൽ വഞ്ചിക്കപ്പെടുന്നവർ വിദ്യാർത്ഥികളും വരുമാനം കുറവുള്ള സാധാരണക്കാരുമായിരിക്കും തട്ടിപ്പിന്റെ വ്യാപ്തിയെക്കുറിച്ച് അറിവില്ലാത്തതും എളുപ്പത്തിൽ കുറച്ചധികം പണം ലഭിക്കുമെന്ന വാഗ്ദാനത്തിൽ വീണു പോകാൻ സാധ്യത ഉള്ളവരുമാണ് ഈ വിഭാഗത്തിലേറെയും. ഈ സാധ്യതയാണ് ചൂഷണം ചെയ്യുന്നത്.

ഇത്തരത്തിലുള്ള ചതിക്കുഴിയിൽ അകപ്പെടാതിരിക്കാൻ കേരള പോലീസ് നൽകുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിക്കുക.

നിങ്ങളുടെ അക്കൗണ്ടുകൾ കൈകാര്യം ചെയ്യാൻ മറ്റാരെയും അനുവദിക്കരുത്. ഒരു കാരണവശാലും മറ്റൊരാളുടെ ഉപയോഗത്തിനായി സ്വന്തം പേരിലുള്ള ബാങ്ക് അക്കൗണ്ട് നൽകുകയോ മറ്റുള്ളവരുടെ പണം നിങ്ങളുടെ അക്കൗണ്ടിൽ സ്വീകരിക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യരുത്.

നിങ്ങളുടെ അക്കൗണ്ടിലൂടെ പണമിടപാടുകൾ നടത്തുന്നതിന് കമ്മീഷനോ കൂലിയോ ലഭിക്കുന്ന ജോലി വാഗ്ദാനം ചെയ്ത് ആരെങ്കിലും സമീപിച്ചാൽ അവരെ കുറിച്ചുള്ള വിവരം സ്ഥലത്തെ പോലീസ് സ്റ്റേഷനിലോ 1930 എന്ന ടോൾഫ്രീ നമ്പറിലോ അറിയിക്കുക.

സ്വന്തം അക്കൗണ്ട് വിവരങ്ങളോ വ്യക്തിഗത വിവരങ്ങളോ അപരിചിതരുമായി പങ്കുവെയ്ക്കരുത്. നിങ്ങളറിയാതെ അനധികൃതമായി നിങ്ങളുടെ അക്കൗണ്ടിൽ പണം ലഭിച്ചാൽ ഉടൻതന്നെ നിങ്ങളുടെ ബാങ്കിനെയും പോലീസിനെയും വിവരം രേഖാമൂലം അറിയിക്കുക. ഇത്തരത്തിൽ ലഭിക്കുന്ന പണം പിൻവലിക്കുകയോ മറ്റു അക്കൗണ്ടുകളിലേക്ക് കൈമാറ്റം ചെയ്യുകയോ ചെയ്യരുത്.

ബാങ്ക് അക്കൗണ്ടുകളുടെ പൂർണ്ണ ഉത്തരവാദിത്വം അക്കൗണ്ട് ഉടമകൾക്കായിരിക്കും. അനധികൃതമായി സ്വന്തം അക്കൗണ്ടിൽ പണം സ്വീകരിക്കുന്നതും കൈമാറ്റം ചെയ്യുന്നതും കുറ്റകരമാണ്. ബാങ്ക് അക്കൗണ്ടുകൾ ഒരാളുടെ സ്വകാര്യതയാണ്, ദുരുപയോഗം ചെയ്യാതെ വിവേകത്തോടും സുരക്ഷിതമായും ഉപയോഗിക്കുക.

ഇത്തരത്തിലുള്ള ഓൺലൈൻ തട്ടിപ്പിനിരയായാൽ ഉടൻ തന്നെ 1930 എന്ന സൈബർ ഹെൽപ്പ് ലൈൻ നമ്പറിലേക്കോ www.cybercrime.gov.in എന്ന സൈബർ ക്രൈം റിപ്പോർട്ടിങ് പോർട്ടലിലേക്കോ ബന്ധപ്പെടുക.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,<br>
ഡെപ്യൂട്ടി ഡയറക്ടർ,<br>
സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

*****************************************************